# ബാവാന്റെപറമ്പ എൽ.പി സ്കൂൾ

## ചമ്പാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ബാവാന്റെപറമ്പ എൽ.പി സ്കൂൾ

## ചമ്പാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിട്ട് ഓരോ കുട്ടിക്കും ഗുണാത്മക വിദ്യാഭ്യാസം ഉറപ്പുവരുത്തി സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്. 2025–26 അധ്യായന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലയിൽ എത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.

കുട്ടികളിലുള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠനവിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ ഉദ്ഗ്രഥിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളെയും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും അവ കുട്ടികൾക്ക് ഗുണകരമായി തീർത്ത് അക്കാദമിക നിലവാരവും മൂല്യവും ഉൾക്കൊണ്ട് ഓരോ കുട്ടിയും അന്വേഷകനായും അറിവ് നിർമ്മാതാക്കളുമായി മാറുന്നു.

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിട്ട് ഓരോ കുട്ടിക്കും ഗുണാത്മക വിദ്യാഭ്യാസം ഉറപ്പുവരുത്തി സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യായന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലയിൽ എത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.

കുട്ടികളിലുള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠനവിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ ഉദ്ഗ്രഥിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളെയും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും അവ കുട്ടികൾക്ക് ഗുണകരമായി തീർത്ത് അക്കാദമിക നിലവാരവും മൂല്യവും ഉൾക്കൊണ്ട് ഓരോ കുട്ടിയും അന്വേഷകനായും അറിവ് നിർമ്മാതാക്കളുമായി മാറുന്നു.

## സ്കൂൾ ചരിത്രം

സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് 1905 ഏപ്രിൽ 13-ാം തീയതി സർക്കാരിന്റെ 1833/1905 നമ്പർ ഉത്തരവ് പ്രകാരം വിദ്യയുടെ മാഹാത്മ്യം മനസ്സിലാക്കിയ മീത്തലയിൽ മമ്മുസീതി എന്ന മഹാനുഭാവന്റെ ശ്രമഫലമായാണ് പനാട് ബാവാന്റെ പറമ്പ എൽ.പി എന്ന വിദ്യാലയത്തിന് തുടക്കം കുറിച്ചത്.

ശ്രീ ഉത്തമൻ മാസ്റ്റർ, ഇ.പി കൃഷ്ണൻ അടിയോടി, കുഞ്ഞികൃഷ്ണൻ നായർ, സി.പി പാത്തുക്കുട്ടി, കൃഷ്ണൻ മാസ്റ്റർ, അബൂബക്കർ മാസ്റ്റർ, സി.ടി നാണു മാസ്റ്റർ, ഇ.ചന്ദ്രൻ മാസ്റ്റർ തുടങ്ങി നിരവധി ഗുരുനാഥന്മാർ സേവനം അനുഷ്ഠിച്ച വിദ്യാലയമാണിത്.

ആദ്യകാലത്ത് കുട്ടികളുടെ എണ്ണം നന്നേ കുറവായിരുന്നു 1980 കളോട് കൂടി ഇതിന് ചെറിയൊരു മാറ്റം വന്നു. പിന്നീട് ഗണ്യമായ വർദ്ധനവ് ഉണ്ടായി. അക്കാദമിക് നിലവാരവും, പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർഥികൾ നേടിയെടുത്ത അംഗീകാരവും ചൊക്ലി സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായും കൂത്തുപറമ്പ് ബ്ലോക്കിലെ മികച്ച വിദ്യാലയമായും മാറിക്കഴിഞ്ഞു. സബ്ജില്ല, ജില്ലാ ബാലകലാമേള, ശാസ്ത്രമേള, ഗണിതശാസ്ത്രമേള, പ്രവർത്തിപരിചയമേള എന്നിവയിലും പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ലാ ക്വിസ് മത്സരങ്ങളിലും ഉന്നത നിലവാരത്തിലെത്താൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്.

അക്കാദമിക് തലത്തിൽ വാർഷിക പ്ലാൻ തയ്യാറാക്കിക്കൊണ്ടാണ് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. അക്കാദമിക് തലത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമായി എൽ.എസ്.എസ്, നവോദയ, യുറീക്ക വിജ്ഞാനോത്സവം എന്നിവയിൽ ഉന്നത നിലവാരത്തിലെത്താൻ സാധിച്ചിട്ടുണ്ട്.

LKG മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നു. 76 കുട്ടികളും 6 അധ്യാപകരും രണ്ട് പ്രീ പ്രൈമറി അധ്യാപികമാരും ഇവിടെ പഠിപ്പിക്കുന്നു. വിദ്യാലയത്തെ മികവുറ്റതാക്കാൻ നല്ലൊരു പി.ടി.എ യും മദർ പി.ടി.എ യും SSGയും പ്രവർത്തിച്ചുവരുന്നു. ഏവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ വിദ്യാലയത്തെ ഇനിയും ഉന്നതിയിലെത്തിക്കാൻ സാധിക്കും.

## 2024-25വർഷത്തെ നേട്ടങ്ങൾ

1) കലാമേള ഓവറോൾ ചാമ്പ്യാൻഷിപ്
2) അൽമാഹിർ സ്കോളർഷിപ്പ്
3) അറബിക് മാഗസിൻ നിർമ്മാണം ചൊക്ലി സബ്ജില്ലയിൽ മൂന്നാം സ്ഥാനം
4) LSS സബ് ജില്ലയിൽ മികച്ച വിജയം പത്തിൽ ഒൻപത് കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി
5) വിവിധ ക്വിസ് മത്സരങ്ങളിൽ മികച്ച വിജയം
6) അറബിക്ക കലോത്സവം മൂന്നാം സ്ഥാനം
7) ഗണിതശാസ്ത്രമേള അഞ്ചാം സ്ഥാനം
8) പഞ്ചായത്ത് തല ഹരിത സഭയിൽ മികച്ച പങ്കാളിത്തം
9) അലിഫ് സ്കോളർഷിപ്പ്

# ലക്ഷ്യം

- സ്കൂളിൽ എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും ഉണ്ടായിട്ടുള്ള പഠനവിടവ് നികത്തുക.
- എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകമായി വികസിപ്പിക്കുന്നു.
- ഓരോ ക്ലാസിലും നേടേണ്ട പഠന ശേഷി കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
- സാമൂഹ്യ മൂല്യങ്ങളും മനോഭവങ്ങളും കുട്ടികളിൽ ഉണ്ടാക്കുക. മുന്നോക്കം, പിന്നോക്കം, ഭിന്നശേഷി വിദ്യാർത്ഥികളെ ഉൾപെടുത്തിയിട്ടുള്ള പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുക.
- പഠനം വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും
- സഹായിയും മാർഗദർശകയുമായ അധ്യാപകർ
- ക്രിയാത്മകവും ആസൂത്രിതവുമായ പാഠ്യപദ്ധതിയുടെ വിനിമയം
- സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- ശിശുസൗഹൃദ വിദ്യാലയം

# അവസ്ഥാവിശകലനം

1 മുതൽ 5 വരെയുള്ള വിദ്യാർത്ഥികൾക്ക് പാഠ്യ - പാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട പഠനനേട്ടങ്ങളിൽ മികച്ച നിലവാരം പുലർത്താൻ മെയ് മാസത്തിൽ തന്നെ S.R.G ചേർന്ന് ക്ലാസ് തല പ്രീ - ടെസ്റ്റ് പ്രവർത്തനങ്ങൾ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു. പി.ടി.എ, സി.പി.ടി.എ.എം, പി.ടി.എ, എസ്.എസ്.ജി എന്നിവ മികച്ച രീതിയിൽ നടത്തിവരുന്നു.

വൈജ്ഞാനിക വൈകാരിക സാമൂഹിക വികാസ മേഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

# തനത്പ്രവർത്തനം

- ഇംഗ്ലീഷ് ഭാഷാശേഷി വികാസം
- ഗണിതം മധുരം
- ശാസ്ത്രം പ്രവർത്തനങ്ങളിലൂടെ

# ഭൗതികം

- സ്കൂൾ കെട്ടിടം ബലപ്പെടുത്തൽ
- സ്മാർട്ട് ക്ലാസ് റൂം
- ജൈവ വൈവിധ്യ പാർക്ക്
- സ്കൂൾ ലൈബ്രറി, വായനാമുറി
- ലാബുകൾ, കമ്പ്യൂട്ടർ റൂം
- കളിസ്ഥലം, ചുറ്റുമതിൽ
- ഉച്ചഭക്ഷണശാല
- ക്ലാസ്സ് അലമാരകൾ
- ഓഫീസ് മുറി, സ്റ്റാഫ് മുറി
- മാലിന്യനിർമാർജ്ജന സൗകര്യം
- അടുക്കള
- കുടിവെള്ള വിതരണം
- കുട്ടി പാർക്ക്

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- എൽ.എസ്.എസ് പരിശീലനം
- സർഗാത്മക ഡയറി
- കാവ്യകേളി
- റീഡേഴ്സ് തിയേറ്റർ
- വീട്ടിൽ ഒരു പരീക്ഷണശാല
- ലൈബ്രറി വിപുലീകരണം
- നാട്ടിലെ വിദ്യാലയം എന്റെ വിദ്യാലയം- സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ
- ഇംഗ്ലീഷ് മികവുകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക.
- ഇംഗ്ലീഷ് സ്വതന്ത്രമായി സംസാരിക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവ് ഉണ്ടാക്കുക.
- ഗണിതം കളികളിലൂടെ
- സംയുക്ത ഡയറി, ഭാവാത്മക ഡയറി, രചനാപരിചയം എന്നിവയ്ക്ക് പ്രാധാന്യം നൽകി സർഗാത്മക ശേഷി വികസനം

# മികവിനായി നടത്തുന്ന പ്രവർത്തനം

അക്കാദമികം

ഭാഷാശേഷി വികസനം

ഇംഗ്ലീഷ് പഠന പരിപോഷണം

ശില്പ ശാലകൾ, ക്യാമ്പുകൾ

ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ

ഗണിതശേഷി വികസനം

ഗണിത അന്തരീക്ഷം ഒരുക്കൽ

ഗണിത ക്യാമ്പ്

ഉല്ലാസ ഗണിതം

ഗണിതം IT യിലൂടെ

ദിനാചരണങ്ങളെ പാഠ്യവിഷയവുമായി ബന്ധിപ്പിക്കൽ

അബാക്കസ് പരിശീലനം

ഗണിത ലാബ് സജ്ജീകരണം

വിവിധതരം ക്ലാസുകൾ

# അക്കാദമികം

ഭാഷാശേഷി വികസനം

ഗണിതശേഷി വികസനം, ഗണിത അന്തരീക്ഷം ഒരുക്കൽ

ഇംഗ്ലീഷ് പഠനപരിപോഷണം

ശാസ്ത്ര അഭിരുചി വളർത്തൽ

ലൈബ്രറി ശാക്തീകരണം

ലാബുകളുടെ സജ്ജീകരണം

ജൈവവൈവിധ്യ പാർക്ക്

പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ

IT പരിശീലനം

അധ്യാപക ശാക്തീകരണ പരിപാടികൾ

സ്മാർട്ട് ക്ലാസ് റൂം

ഒന്നാം ക്ലാസ് ഒന്നാംതരമാക്കൽ

S.R.G ശാക്തീകരണം

ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

ശില്പശാലകൾ, ക്യാമ്പുകൾ

പ്രതം, മാസികകൾ

ക്വിസ് മത്സരങ്ങൾ, പുസ്തകപരിചയം

വായനാകുറിപ്പ് തയ്യാറാക്കൽ

ദിനാചരണങ്ങളെ പാഠ്യവിഷയങ്ങളുമായി ബന്ധിപ്പിക്കൽ

കലാകായിക പ്രവൃത്തിപരിചയ പഠനം.

വിവിധതരം ക്ലാസ്സുകൾ

# സാമൂഹികം

പ്രവർത്തനങ്ങൾ : PTA ശക്തിപ്പെടുത്തൽ
SMC
S S G ശാക്തീകരണം

- ഗ്രന്ഥശാലകൾ ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ,
- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
- പൂർവ്വ അധ്യാപകർ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ,
- ക്ലാസ് P.T.A മാതൃകാപരമാക്കുക
- വിദ്യാലയ മികവ് സമൂഹവുമായി പങ്കിടൽ
- പഠനക്കൂട്ടം
- ഭവന സന്ദർശനം
- പൂർവ്വ വിദ്യാർഥികളും സ്കൂളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കൽ
- ഉച്ചഭക്ഷണ വിഭവസമാഹരണം.
- ദിനാചരണങ്ങളിൽ സാമൂഹ്യപങ്കാളിത്തം
- ലൈബ്രറി ശാക്തീകരണം
- കായികമേളയിൽ രക്ഷിതാവും
- സ്കൂൾ വാർഷികം

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
## നല്ലപാഠം പ്രവർത്തനങ്ങൾ

| ക്രമനമ്പർ | തിയ്യതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | 03/06/25 | സ്കൂളിനെ അറിയൽ | • സ്കൂളും പരിസരവും നിരീക്ഷിക്കൽ<br>• കൂട്ടുകാരെ പരിചയപ്പെടൽ<br>• അവധികാല അനുഭവം പങ്കുവെയ്ക്കൽ | ക്ലാസ് ടീച്ചർ | ജൂൺ | |
| 2 | 04/06/25 | ഗതാഗത സംവിധാനങ്ങളെ | • റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | | ജൂൺ ആഗസ്റ്റ് നവംബർ | |

| | | | | | | |
|---|---|---|---|---|---|---|
| | | കുറിച്ച് അറിയൽ | • സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>• മറ്റു വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | | ഫിബ്രുവരി മാസങ്ങളിൽ | |
| 3 | 05/06/25 | വ്യക്തി ശുചിത്വം പരിസര ശുചിത്വം സ്കൂൾ സൗന്ദര്യവൽക്കരണം | ബോധവൽക്കരണ ക്ലാസ് മുദ്രാവാക്യം സുരക്ഷിതയാത്ര നിർമ്മിക്കാൻ ശുചിത്വ പാട്ട് പ്രകൃതി നടത്തം വിദ്യാലയത്തെ ഹരിതാഭമാക്കി മാറ്റൽ | ക്ലാസ് ടീച്ചർ | ഓരോ ആഴ്ചയിലും | |
| 4 | 09/06/25 | പൊതു ആരോഗ്യം | ആരോഗ്യ ക്ലാസ്സ്( ആയുർവേദ ഡോക്ടർ) വ്യായാമം | അധ്യാപകർ | മാസത്തിൽ ഒന്ന് | |
| 5 | 10/06/25 | ഡിജിറ്റൽ അച്ചടക്കം | റോൾപ്ലേ പോസ്റ്റർ | അധ്യാപ | മൂന്നുമാസ | |

| | | | | | | |
|---|---|---|---|---|---|---|
| | | | നിർമ്മാണം ചർച്ച/ സംവാദം | കർ | ത്തിൽ ഒരിക്കൽ | |
| 6 | 11/06/25 | പൊതുമുതൽ സംരക്ഷണം | ബോധവൽക്കരണ ക്ലാസ് | ക്ലാസ് ടീച്ചർ | | |
| 7 | 12/06/25 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | • കഥകൾ കേൾക്കൽ<br>• വിവിധ ജീവിത സന്ദർഭങ്ങൾ പരിചയപ്പെടാൻ<br>• റോൾപ്ലേ<br>• കളികൾ | | | |

## മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ ചൊല്ലി രസിക്കാനുള്ള അപര്യാപ്തത | കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ ചൊല്ലി അവതരിപ്പിക്കുക | I to V | പാട്ടരങ്ങ് കാവ്യകേളി | ക്ലാസ് ടീച്ചർ | ഒരു വർഷം | സ്റ്റാഫ് |
| 2. | സർഗാത്മക രചനയിലെ പിന്നോക്കാവസ്ഥ | ലഘുവായ സർഗാത്മക രചനകൾ നടത്തുക | I to V | സംയുക്ത ഡയറി സചിത്ര പുസ്തകം, സർഗാത്മക ഡയറി കഥ, കവിത | ക്ലാസ് ടീച്ചർ | ഒരു വർഷം | സ്റ്റാഫ് PTA |

## അക്കാദമികം - വിഷയം : മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്. | മുഴുവൻ കുട്ടികൾക്കും അക്ഷരബോധം ഉറപ്പിക്കൽ | I, II | വായനാകാർഡുകൾ, ക്ലാസ് ലൈബ്രറി, പദകേളി, പദപ്പയറ്റ്, കഥാവായന, കഥ നിർമ്മാണം, ആഭരണമണിയിക്കൽ, വാക്യചാർട്ട്, അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള വിവിധ കളികൾ | ക്ലാസ്സ് ടീച്ചർ | ജൂൺ - ഡിസംബർ | പിടിഎ. |
| 2 | ആശയഗ്രഹണത്തോടെയുള്ള എഴുത്തും വായനയും ഇല്ല. | ഒഴുക്കോടെയുള്ള വായന, വ്യവഹാരരൂപങ്ങൾ ശരിയായി ആർജിക്കുക. | I, II | വായനാസാമഗ്രി ഒരുക്കൽ, ക്ലാസ്സ് ലൈബ്രറി മെച്ചപ്പെട്ട സൃഷ്ടികളുടെ പ്രദർശനം. | ക്ലാസ്സ് ടീച്ചർ | ജനുവരി- മാർച്ച് | പിടിഎ |

| അക്കാദമികം - വിഷയം : ഇംഗ്ലീഷ് | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
| 1 | ആശയപ്രകടനത്തിനുള്ള കഴിവില്ലായ്മ, പദപരിചയക്കുറവ്. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുക. പദസമ്പത്ത് വർദ്ധിപ്പിക്കുക. സംഭാഷണത്തിൽ ഏർപ്പെടൽ | I, II | അക്ഷരമാലാ ചാർട്ട്, പദക്കാർഡുകൾ, പദപ്രശ്നനിർമ്മാണം, പദങ്ങൾ കണ്ടെത്തൽ, പദച്ചാർട്ട് പ്രദർശിപ്പിക്കൽ, പദകേളി പദപ്പയറ്റ്, സംഭാഷണം സ്കിറ്റ് | ക്ലാസ്സ് ടീച്ചർ | 1 വർഷം | പി.ടി.എ. |

## അക്കാദമികം - വിഷയം : പരിസരപഠനം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | നിരീക്ഷിക്കാനും അപഗ്രഥിക്കാനുമുള്ള കഴിവില്ലായ്മ | ശാസ്ത്രപഠനം രസകരമാക്കുക, ശാസ്ത്രാഭിരുചി വളർത്തുക. | I, II | പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ്, പരീക്ഷണങ്ങൾ, ആൽബം തയ്യാറാക്കൽ, ICT പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ | ക്ലാസ്സ് ടീച്ചർ | 1 വർഷം | P.T.A Staff |

## അക്കാദമികം - വിഷയം : അറബിക്ക്

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവില്ലായ്മ. അറബിഭാഷാപ്രയോഗത്തിന് സമൂഹത്തിലും വീട്ടിലും അവസരമില്ലായ്മ. | എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി കൈവരിക്കുക. | I, II | അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷര ക്കാർഡ് നൽകൽ, പദ ക്കാർഡ് നൽകൽ, വാക്യം നിർമിക്കൽ, ചിത്രവായന, ചിത്രം നോക്കി കഥ പറയൽ, ICT പ്രയോജനപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ | അറബിക് ടീച്ചർ | 1 വർഷം | പിടിഎ |

## അക്കാദമികം - വിഷയം : ഗണിതം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | സംഖ്യാബോധം ഇല്ലായ്മ | സംഖ്യാബോധം ഉറപ്പിക്കൽ | I, II | മനക്കണക്ക്, കുസൃതിക്കണക്ക്, ഗണിതകേളി, പഠനോപകരണ നിർമാണം മണിച്ചട്ടം, മാലകാർഡുകൾ, സംഖ്യാമാല നിർമ്മാണം | ക്ലാസ്സ് ടീച്ചർ | 1 വർഷം | P.T.A Staff |

## അക്കാദമികം - വിഷയം : പരിസരപഠനം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1.<br>2. | ശാസ്ത്രീയ മനോഭാവം ഇല്ലായ്മ.<br>ശാസ്ത്രം പ്രവർത്തനമാണ് എന്ന തിരിച്ചറിവ് ഇല്ലാത്തത്. | ശാസ്ത്രാഭിരുചി വളർത്തൽ, ശാസ്ത്രപഠനം രസകരമാക്കൽ, ശാസ്ത്രം പ്രവർത്തനമാണ് എന്ന തിരിച്ചറിവ് | III, IV | പരീക്ഷണ ക്യാമ്പ്, എന്റെ ശാസ്ത്ര പരീക്ഷണങ്ങൾ ലാബ് മെച്ചപ്പെടുത്തൽ, ഫീൽഡ് ട്രിപ്പ്, ആൽബം തയ്യാറാക്കൽ, വായിക്കാം, നേടാം, നേരനുഭവങ്ങളിലൂടെയുള്ള പഠനം പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ ICT ഉപയോഗിച്ചുള്ള ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 1 വർഷം | P.T.A<br>Staff |

## അക്കാദമികം - വിഷയം : ഗണിതം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- | --- | --- |
| 1.<br><br><br><br>2. | പ്രശ്നാപഗ്രഥന ചോദ്യങ്ങൾ അപഗ്രഥിക്കാനുള്ള കഴിവില്ലായ്മ.<br><br>സംഖ്യാബോധം ഉറക്കാത്തത്. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | III.<br>IV.<br>V | ഗണിതകേളി, കുസൃതികണക്ക്, ഗണിതം - മധുരം, ശില്പശാല, ഗണിതക്ലാസ്സുകൾ, ക്യാമ്പ്, സംഖ്യകളുടെ സൗന്ദര്യവൽക്കരണം | ക്ലാസ്സ് ടീച്ചർ | 1 വർഷം | P.T.A<br>Staff |

## അക്കാദമികം - വിഷയം : മലയാളം

| | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| ...പങ്ങ ...യായ ഇല്ല. താല്പ... | വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക, താല്പര്യമുള്ളവരാക്കുക. എല്ലാ വ്യവഹാര രൂപങ്ങളും ശരിയായി ആർജിക്കുക. | II<br>III<br>IV<br>V | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പത്രം, ബാലമാസികകൾ, വായനാമുറി, പുസ്തകപരിചയം, ഭാഷാ ക്യാമ്പ്, പഠനക്കൂട്ടായ്മ, ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വായനാകുറിപ്പ്, മികച്ച വ്യവഹാരരൂപങ്ങളുടെ പ്രദർശനവും വിലയിരുത്തലും, മലയാളത്തിളക്കം ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ<br>S.S.G<br>P.T.A<br>M.P.T.A | ജൂൺ - മാർച്ച് | പി.ടി.എ. |

അക്കാദമികം - വിഷയം : മലയാളം

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | വ്യവഹാരരൂപങ്ങളുടെ ശരിയായ ആർജ്ജവം ഇല്ല. വായനയിൽ താല്പര്യക്കുറവ് | വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക, താല്പര്യമുള്ളവരാക്കുക. എല്ലാ വ്യവഹാര രൂപങ്ങളും ശരിയായി ആർജിക്കുക. | II<br>III<br>IV<br>V | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പത്രം, ബാലമാസികകൾ, വായനാമുറി, പുസ്തകപരിചയം, ഭാഷാ ക്യാമ്പ്, പഠനക്കൂട്ടായ്മ, ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വായനാകുറിപ്പ്, മികച്ച വ്യവഹാരരൂപങ്ങളുടെ പ്രദർശനവും വിലയിരുത്തലും, മലയാളത്തിളക്കം ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ<br>S.S.G<br>P.T.A<br>M.P.T.A | ജൂൺ - മാർച്ച് | പി.ടി.എ. |

അക്കാദമികം - വിഷയം : അറബിക്

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ, സർഗാത്മക രചനകൾ നടത്തുന്നതിനുള്ള കഴിവില്ലായ്മ. -വീട്ടിലും സമൂഹത്തിലും അറബിഭാഷാപരമായ സർഗാത്മകതകൾ വളർത്താനുള്ള അവസരമില്ലായ്മ. -ഭാഷാപ്രയോഗത്തിന്റെ അപര്യാപ്തത. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക, വ്യവഹാരരൂപങ്ങൾ ശരിയായ രീതിയിൽ പ്രകടിപ്പിക്കാനുള്ള കഴിവ് വളർത്തുക. | III, IV, V | വായനാമൂല ഒരുക്കുക, ബാലസഭ, ചിത്രത്തിൽ നിന്ന് കഥ പറയുകയും എഴുതിക്കുകയും ചെയ്യുക, വ്യവഹാരരൂപങ്ങളുടെ മാതൃകകൾ കുട്ടികളെ പരിചയപ്പെടുത്തുക. | അറബിക് ടീച്ചർ | 1 വർഷം | P.T.A |

അക്കാദമികം - വിഷയം : ഇംഗ്ലീഷ്

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|---|
| 1 | ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മ, ആശയം പ്രകടിപ്പിക്കാൻ കഴിയുന്നില്ല. എഴുത്തിൽ വ്യാകരണതെറ്റുകൾ വരുത്തുന്നു. | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് ഉയർത്തൽ. സർഗാത്മക രചനകൾ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ. | III, IV, V | ലൈബ്രറി ഒരുക്കുക, പത്രം,ബാലസഭ,അസംബ്ലി, മാസിക, പതിപ്പ് തയ്യാറാക്കൽ, കൊറിയോഗ്രാഫി, ഗ്രാമർ ക്ലാസ്സ് Conversation ക്ലാസ്സ് ക്യാമ്പുകൾ, English Fest, ICT പ്രയോജനപ്പെടുത്തിയുള്ള പഠനം | HM, ക്ലാസ്സ് ടീച്ചർ | 1 വർഷം | പി.ടി.എ, പൂർവ്വ വിദ്യാർഥി സംഘടന |